**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1239** | **04-07-2022 - ൽ മറുപടിയ്ക്ക്**

**മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിയിരുന്ന മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ രണ്ട് വർഷമായി തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്ത്വത്തിൽ കരാർ ടെർമിനേറ്റ് ചെയ്തു. ബാലൻസ് വർക് ടെൻഡർ ചെയ്തപ്പോൾ ആദ്യം ആരും പങ്കെടുത്തില്ല. പിന്നീട് റീ ടെൻഡർ ചെയ്തപ്പോൾ M/s Metric Infrastructure Private Ltd, മൂവാറ്റുപുഴ എന്ന സ്ഥാപനം മാത്രമാണ് ടെൻഡർ സമർപ്പിച്ചത്. അവർ എസ്റ്റിമേറ്റ് തുകയിൽ നിന്നും 88.10% ഉയർന്ന തുകയ്ക്കാണ് ടെൻഡർ സമർപ്പിച്ചത്. ടെൻഡർ തുക എസ്റ്റിമേറ്റ് റേറ്റിൽ നിന്നും 10 ശതമാനത്തിനേക്കാൾ ഉയർന്നതായതിനാൽ സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിന് സമർപ്പിച്ചിരുന്നു. എന്നാൽ M/s Metric Infrastructure Private Ltd, മൂവാറ്റുപുഴ സമർപ്പിച്ച ടെൻഡർ റദ്ദുചെയ്യുവാനും സൈറ്റിലെ നിലവിലുള്ള സ്ഥിതി അനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കിയ ശേഷം റീടെൻഡർ ചെയ്യുവാനും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം റീടെൻഡർ ചെയ്യുകയും ഇത് Pre-Qualification അംഗീകാരത്തിനായി ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ട്രാഞ്ചെ കാലാവധി അവസാനിച്ചതിനാൽ ഇതുവരെ പൂർത്തിയായ പ്രവർത്തികളുടെ ബില്ലുകൾ 30/06/2022 നുള്ളിൽ സമർപ്പിക്കണമെന്നും ഭരണാനുമതി തുകയിൽ അധികരിക്കാത്ത തരത്തിൽ അവശേഷിക്കുന്ന ബില്ലുകൾക്ക് സംസ്ഥാന പദ്ധതിയിൽ നിന്നും മതിയായ ഫണ്ട് കണ്ടെത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിന്റെ ഏതെല്ലാം ഘടകങ്ങളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും ഇതിന് എത്ര രൂപ വേണ്ടിവരുമെന്നും അറിയിക്കാമോ; | (ബി) | ആകെയുള്ള 9 സ്പാനുകളിൽ 7 സ്പാനുകളുടെ പ്രവർത്തി പൂർത്തീകരിച്ചു. പാലത്തിന്റെ മധ്യ ഭാഗത്തായുള്ള 55 മീറ്റർ നീളമുള്ള bow string മാതൃകയിലുള്ള ഒരു സ്പാനും 23.9 മീറ്റർ നീളമുള്ള ഒരു |

| | | | |
|---|---|---|---|
| | | | പ്രീടെസിഡ് വോയ്ഡഡ് സ്ലാബും ഇരുവശങ്ങളിലെ അപ്രോച് റോഡും ഇനി പൂർത്തീകരിക്കുവാനുണ്ട്. ആയതിന് 10,71,96,680/-രൂപ ആവശ്യമായി വരുന്നതാണ്. |
| (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച പ്രതിസന്ധി എങ്ങനെ പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നബാർഡ് ട്രാഞ്ചെ XX ക്ലോസ് ചെയ്തതിനാൽ ഫണ്ട് ലഭ്യമല്ല എന്ന് നബാർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഭരണാനുമതി തുകയിൽ അധികരിക്കാത്ത തരത്തിൽ അവശേഷിക്കുന്ന ബില്ലുകൾക്ക് സംസ്ഥാന പദ്ധതിയിൽ നിന്നും മതിയായ ഫണ്ട് കണ്ടെത്തേണ്ടതുണ്ട്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പുനരാരംഭിക്കുന്നതിനും എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | ഇരുപതാമത്തെ ടാഞ്ചെ ക്ലോസ് ചെയ്ത സ്ഥിതിക്ക് ശേഷിക്കുന്ന പ്രവൃത്തിക്ക് സംസ്ഥാന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ